## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 133 06-01-2014-ൽ മറുപടിക്ക്.

### മദ്യാസക്തിക്കെതിരെ ബോധവൽക്കരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വർക്കല കഹാർ:<br>" പി. എ. മാധവൻ:<br>" ലൂഡി ലൂയിസ്:<br>" വി. റ്റി. ബൽറാം: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം വിജയകമായി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, ടി.വി., സി.സി.ടി.വി., മാസികകൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, റെയിൽവേ സ്റ്റേഷനിൽ അനൗൺസ്മെന്റിലൂടെയും, കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യങ്ങൾ പതിച്ചും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, മാജിക്ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സി.യു.ജി. |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 376 മൊബൈൽ സിം കാർഡിലൂടെ ലഹരി വിരുദ്ധ സന്ദേശം റിംഗ് ടോണായി പ്രചരിപ്പിച്ചു വരുന്നു. അട്ടപ്പാടിയിൽ ലഹരി വിരുദ്ധ പ്രവർത്തനം ശക്തമാക്കുന്നതിനായി ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ "ജനമൈത്രി എക്സൈസ്" രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തനരീതിയും വിശദീകരിക്കുമോ; | (ബി) | സമൂഹത്തിലെ എല്ലാതലങ്ങളിലും ലഹരി വിരുദ്ധ സന്ദേശങ്ങൾ എത്തിച്ചേരുന്ന തരത്തിൽ വളരെ ശക്തവും സമഗ്രവും ഫലപ്രദവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | പ്രചാരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ